## മുത്തങ്ങ അനുസ്മരണ പ്രഭാഷണം

# ആദിവാസികൾ ആത്മാഭിമാനം വീണ്ടെടുക്കട്ടെ

ബി.ആർ.പി. ഭാസ്കർ

ഒഴിവാക്കാമായിരുന്ന ഒരു ദുരന്തമായിരുന്നു അത്. അത് വെറുമൊരു ക്രമസമാധാനപ്രശ്നമായിട്ടാണ് സർക്കാർ കണ്ടത്. മുത്തങ്ങയിൽ വെടിവെപ്പുനടന്ന അന്നുരാവിലെ വയനാട്ടിലെ ഒരു മനുഷ്യാവകാശ പ്രവർത്തകൻ എന്നെ വിളിച്ചുപറഞ്ഞപ്പോഴാണ് ഞാനറിഞ്ഞത്. യഥാർത്ഥത്തിൽ അവിടെ നടന്നതെന്താണെന്ന് പൊതുസമൂഹത്തിനറിയില്ല. പാർശ്വവൽക്കരിക്കപ്പെടുന്നവർ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നതിനെ പൊതുസമൂഹം പിന്താങ്ങാറില്ല. കാശ്മീരിൽ സമരം നടത്തുന്ന ഹുറീയത്ത് പ്രവർത്തകർ കേരളത്തിലെത്തിയപ്പോൾ അവരുമായി സഹകരിച്ചതിന് ഞാൻ ഏറെ വിമർശിക്കപ്പെട്ടു. അതുപോലെ തന്നെ ലൈംഗിക തൊഴിലാളികളുടെ മനുഷ്യാവകാശ പോരാട്ടങ്ങളെ പിന്താങ്ങിയപ്പോഴും ഏറെ എതിർപ്പുണ്ടായി. ഇതുതന്നെ മുത്തങ്ങ സംഭവത്തിന്റെ പ്രശ്നത്തിലുമുണ്ടായി. എന്റെ നിലപാടിനെ വിമർശിച്ചുകൊണ്ട് കലാകൗമുദിയിൽ ഒരു വ്യക്തി എഴുതിയ ലേഖനത്തിൽ 'ഉപമകൾ' ശരിയായില്ല എന്നുപറഞ്ഞു. ഞാൻ ഉപമിക്കുകയായിരുന്നില്ല. 'ജാലിയൻവാലാബാഗിനും വയലാർ കലാപത്തിനും സമാനമായ ചരിത്ര സന്ദർഭമാണ് മുത്തങ്ങയിലേതെന്നു' പറഞ്ഞപ്പോൾ ചെയ്തത്.

മുഖ്യധാരയുടെ നിലപാട്, ദളിതരും ആദിവാസികളും ബഹിഷ്കരിക്കപ്പെടണം എന്നാണ്. ആരാണീ മുഖ്യധാര 'അന്യാധീനപ്പെട്ട ഭൂമി'യെന്നുപറയുന്നതിൽ ആ ഭൂമിയുടെ ആധിപത്യം വഹിക്കുന്നവരാണ് ഈ മുഖ്യധാര. നമ്മുടെ പ്രമുഖ പത്രങ്ങളും മുഖ്യധാരതന്നെ. കമ്പോളാധിഷ്ഠിതമായ — വർഗമാണ് ഈ മുഖ്യധാര. രണ്ടുദിവസം മുമ്പൊരു പ്രമുഖ പത്രത്തിൽ ആദിവാസി സമ്മാനം നേടിയെന്നെഴുതിക്കണ്ടു. ഇതുകൊണ്ട് ആദിവാസി സമൂഹത്തിനെന്തു നേട്ടം ! ആ പത്രത്തിന് ആദിവാസികളോടുള്ള സമീപനം പഴയതുപോലെ തുടരുന്നു.

മുത്തങ്ങയിൽ വെടിവയ്പ്പ് നടന്ന ദിവസം രാവിലെ പത്രക്കാരുടെ സംഘടന നടത്തിയ ഒരു പരിപാടിയിൽ ഞാൻ പങ്കെടുത്തിരുന്നു. വനം മന്ത്രിയും ബി.ജെ.പി. നേതാവും അവിടെ ഉണ്ടായിരുന്നു. വെടിവെപ്പ് സംബന്ധിച്ച് എനിക്കുകിട്ടിയ മുന്നറിയിപ്പ് ഞാൻ മന്ത്രിയോടുപറഞ്ഞു. മുഖ്യമന്ത്രിക്ക് ഒരു ഫാക്സ് സന്ദേശം അയച്ചു. എന്നാൽ അദ്ദേഹത്തിന്റെ നിയന്ത്രണത്തിനും അപ്പുറത്തായിപ്പോയിയെന്നു തോന്നുന്നു. അത്ര ശക്തമാണ് നമ്മുടെ അധികാര കേന്ദ്രങ്ങൾ. അതുകൊണ്ടാണ് അധികാര രാഷ്ട്രീയത്തിൽ ഇടപെടാതെ ഇനി നിലനിൽക്കാനാവില്ലെന്ന് ആദിവാസികൾക്കുബോധ്യമായത്. രാഷ്ട്രീയ ഇടപെടലിനെപ്പറ്റി പാർട്ടികൾ നടത്തിയ പ്രതികരണങ്ങൾ സ്വാഭാവികം മാത്രമാണ്. ഇതിന്റെ പ്രായോഗികതയെപ്പറ്റി സംശയിക്കുന്നവരുമുണ്ട്. അതെന്തായാലും തങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങൾ നേടാനായി സമരം ചെയ്യാൻ എല്ലാ ജനവിഭാഗങ്ങൾക്കും അവകാശമുണ്ട്. സാമൂഹ്യനീതി നിഷേധിക്കപ്പെട്ടവരുടെ സമരത്തെ സഹായിക്കാൻ നാമെല്ലാം ബാധ്യസ്ഥരാണ്.

ജാനുവും മുഖ്യമന്ത്രിയും തമ്മിലുണ്ടാക്കിയ കരാറിനെ പലരും എതിർത്തു. സ്വന്തം ഭൂമിയല്ല, പകരം ഭൂമിയാണ് കിട്ടുകയെന്നതിൽ ഇതുപുറകോട്ടുപോകാനെന്നതായിരുന്നു വിമർശനം. ഏതു ഭൂമിയെന്നു തീരുമാനിക്കേണ്ടത് ആദിവാസികളാണ്, നമ്മളല്ല. 1975ലെ നിയമം നടപ്പിലാക്കിയാൽ നാലായിരം കുടുംബങ്ങൾക്കുമാത്രമാണ് ഭൂമി കിട്ടുക. ഈ കരാറനുസരിച്ച് എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി കിട്ടും.

മുത്തങ്ങയിൽ പ്രയോഗിച്ച സമരരീതിയും ശ്രദ്ധേയമാണ്. വളരെ നേരത്തേ പ്രഖ്യാപിച്ച് ഏറെ സുതാര്യമായാണ് സമരം ചെയ്തത്. എന്നാൽ സർക്കാർ ഈ സമരത്തെ നേരിട്ട രീതി നേരെ വിപരീതമായിരുന്നു. ഒരു ഗൂഢാലോചനയുടെ രീതിയായിരുന്നു അത്. മുഖ്യധാരാ കക്ഷിരാഷ്ട്രീയത്തിൽ ഇടപെടമ്പോൾ ആദിവാസികൾ തങ്ങളുടെ പരിമിതികൾകൂടി തിരിച്ചറിയേണ്ടതുണ്ട്. നിങ്ങൾ മറ്റ് പ്രബല സമുദായങ്ങൾ പോലെയല്ല. അതുകൊണ്ടു തന്നെ പ്രവർത്തനസമീപനങ്ങളും മാറ്റേണ്ടിവരാം.

ജനാധിപത്യത്തിൽ എണ്ണം ഒരു പ്രധാന ഘടകമാണ്. തീരെ ജനാധിപത്യമില്ലാതിരുന്ന രാജഭരണ കാലത്ത് തന്നെ അയ്യങ്കാളിയും കുമാരനാശാനും ജനപ്രതിനിധി സഭയിൽ അംഗമായി. അന്ന് രാജഭരണം അവർക്കുപ്രാതിനിധ്യം നൽകി. അവരുടെ ശബ്ദം നിയമസഭയിൽ ഉയർന്നു. എന്നാൽ ഇപ്പോൾ ജാനുവിന്റേയും ഗീതാനന്ദന്റേയും ശബ്ദം നിയമസഭയിൽ ഉയരാൻ എന്തെങ്കിലും സാധ്യതയുണ്ടോ ?

ഇന്ന് പ്രബലമായിരിക്കുന്ന സമുദായ രാഷ്ട്രീയത്തിന് ഒരു നൂറ്റാണ്ടിലേറെക്കാലത്തിന്റെ പ്രവർത്തന പാരമ്പര്യമുണ്ട്. എല്ലാ ഉപവിഭാഗങ്ങളേയും ചേർത്ത് നായരും ഈഴവരും സംഘടിച്ചും. എന്നാൽ ഇത് ദളിതരിൽ നടന്നില്ല. ഇന്നു രാവിലെ മുതൽ

---

അദ്ദേഹം ഒരിക്കലും നിന്നു കൊടുത്തില്ലായെന്നതാണ്. സത്യം.

(4) അദ്ദേഹം അടിയുറച്ച ഒരു സോഷ്യലിസ്റ്റായിരുന്നു. എന്നും സോഷ്യലിസത്തിനും ഇടതുപക്ഷ പ്രസ്ഥാനത്തിനും വേണ്ടി നിലകൊണ്ട കൃഷ്ണരാജ് സാർ പക്ഷേ അന്ധനായ ഒരിടതു പക്ഷക്കാരനുമായിരുന്നില്ലായെന്നതാണ് എന്നെ ആഹ്ലാദിപ്പിക്കുന്ന ഒരു കാര്യം. റഷ്യയിലെയും, യൂറോപ്പിലെയും കമ്മ്യൂണിസത്തിനുണ്ടായ അപചയത്തിലൂടെ അദ്ദേഹം അടിവരയിട്ട് സൂചിപ്പിച്ചത് കമ്യൂണിസത്തിലെ മതിയായ ജനാധിപത്യത്തിന്റെ അഭാവത്തെയാണ്. എന്നും ഏകാധിപത്യത്തെ നഖശിഖാന്തം എതിർത്ത വ്യക്തിയായിരുന്നു കൃഷ്ണരാജ്. 1976 ലെ അടിയന്തിരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധിയെ നിശിതമായി വിമർശിച്ചിരുന്ന കൃഷ്ണരാജ് ഇന്ദിരാഗാന്ധിയുടെ കണ്ണിലെ കരടായിരുന്നു.

(5) ചെറുപ്പക്കാരായ പ്രതിഭകളെ കൈപിടിച്ചുയർത്തുക എന്നും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ഇ.പി.ഡബ്ല്യു.വിലൂടെയാണ് ഇന്ന് ലോകത്തിലെ പ്രശസ്തരായ പല ഭാരതീയ സാമ്പത്തിക ശാസ്ത്രവിദഗ്ധരും വളർന്നു വന്നത്. ചെറുപ്പക്കാരെ ഇത്രയധികം വളർത്തിയ വാരികകൾ ഇൻഡ്യയിൽ വേറെയൊന്നില്ല.

ഇങ്ങനെയുള്ള ഒരു സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയായ കൃഷ്ണരാജിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് നിർത്തുന്നു.

ECONOMIC AND POLITICAL WEEKLY
Hitkari House, 284, Shahid
Bhagatsingh Road, Mumbai-400 001

നടന്ന ചർച്ചകളിൽ (രാഷ്ട്രീയ മഹാസഭ രൂപീകരണം) മുഴങ്ങിക്കേട്ട കാര്യമാണിത്. ഈ പ്രശ്നങ്ങൾ മറികടക്കാനാകുമെങ്കിൽ ആദിവാസികളും ദളിതരും ചേർന്നുള്ള പതിനഞ്ചു ശതമാനത്തിന് നിർണായക ശക്തിയാകാം. ഏതാണ്ട് തുല്യമായ ഇടതു -വലതു ശാക്തിക ചേരികളണാവിടെയുള്ളത്. ഐക്യം സാദ്ധ്യമാകുമോയെന്നതാണ് പ്രശ്നം.

രാഷ്ട്രീയ വിജയത്തിനാവശ്യമായ സാമ്പത്തിക-സാമൂഹിക പശ്ചാത്തലമുണ്ടോയെന്നതാണ് മറ്റൊരുപ്രശ്നം. മുമ്പ് സാമുദായിക ശക്തിയായി വളർന്നവരിൽ ഒരു ചെറിയ വിഭാഗമെങ്കിലും സാമ്പത്തികമായി വളർന്നിരുന്നു. അവർക്കാണ് സാമുദായിക ശക്തികളിൽ നേതൃത്വം ലഭിച്ചത്. അതിന്റെ നേട്ടങ്ങളും അവർ (ധനികർ) തന്നെ കയ്യടക്കി. ഇതിനേറ്റവും നല്ല ഉദാഹരണം മുസ്ലീം സമുദായമാണ്. കഴിഞ്ഞ നാലുപതിറ്റാണ്ടിനിടയിൽ മുസ്ലീം ലീഗെന്ന രാഷ്ട്രീയ കക്ഷി ഭരണത്തിൽനിന്നും പുറത്തുനിന്നത് അൽപകാലം മാത്രം. ഇന്നത്തെ ഭരണമുന്നണിയിലെ പ്രബല രണ്ടാം കക്ഷിയാണവർ. എന്നാൽ ഏറ്റവുമധികം സാമൂഹ്യ അനീതി അവർക്കുനേരെയാണുണ്ടായിട്ടുള്ളത്, പ്രത്യേകിച്ചും തൊഴിൽ മേഖലയിൽ.

ആദിവാസി സമൂഹത്തിന്റെ സാമ്പത്തിക ശാക്തീകരണം പ്രധാനമാണെന്നർത്ഥം. ചൈനയിലെ ഒരു ഉദാഹരണം പറയാം. ലോകമാകെ പ്ലാസ്റ്റിക്കിന്റെ വ്യാപനം മൂലം വൻഭീഷണി നേരിടുന്നു. ഇതിനെതിരെ മുള ഉൽപന്നങ്ങൾ പ്രചരിപ്പിക്കുകയാണ് ചൈന. കഴിഞ്ഞ വർഷം ചൈന 26,000 കോടി രൂപയുടെ മുളയുൽപന്നങ്ങൾ വിറ്റു. ഇന്ത്യയിൽ ആകെ ഉൽപാദനം. 2000 കോടി മാത്രമാണ് മുളയുൽപന്നങ്ങളുടെ മൂല്യം. ഇത് 4000 കോടിയാക്കി ഉയർത്താൻ കേന്ദ്രസർക്കാർ പദ്ധതി തയ്യാറാക്കുന്നുണ്ട്. ഈ പദ്ധതി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ ആദിവാസികളെയാണ്. ഇതിന്റെ ഒരു ചെറിയ പങ്കെങ്കിലും കേരളത്തിലേക്ക് കിട്ടുമോയെന്ന് ആലോചിക്കണം. അതിനായി ശ്രമിക്കണം. ഇത് ആദിവാസികളുടെ സാമ്പത്തിക ശാക്തീകരണത്തിന് സഹായകമാകും.

കക്ഷിരാഷ്ട്രീയത്തിൽ കക്ഷിയായും ലോബിയായും ഇടപെടാൻ ശ്രമിക്കുന്നതിനാൽ ഒരു മുന്നറിയിപ്പു നല്കട്ടെ. ആ ലോകം തീർത്തും വ്യത്യസ്തമാണ്. അവിടെ നേരുകൊണ്ട് നിലനിൽക്കാൻ വിഷമമാണ്. കാപട്യമാണവിടത്തെ നീതി. അതെന്തായാലും ആത്മാഭിമാനം നടത്താനുള്ള ഈ ശ്രമം, അൽപം വൈകിയാണെങ്കിലും, വളരെ നന്ന്. പ്രശ്നങ്ങളുണ്ടാകും. പൊതു സമൂഹത്തിൽ തന്നെ സാമുദായികമായ അകൽച്ച വളർന്നുകൊണ്ടിരിക്കുകയാണ്. ഏറെ സാംസ്കാരിക പാരമ്പര്യമുള്ളവരാണ് ആദിവാസികൾ. അതിലെ പണിയർ തുടങ്ങിയ വിഭാഗങ്ങളെപ്പറ്റി ഋഗ്വേദത്തിൽപോലും പരാമർശമുണ്ട്. പണിയർ തങ്ങളുടെ കന്നുകാലികളെ തട്ടിക്കൊണ്ടുപോയിയെന്നും മറ്റും അതിൽ ഇന്ദ്രനോട് പറയുന്നുണ്ട് ആര്യന്മാർ സിന്ധു നദീതടത്തിൽ സംസ്കാരം സ്ഥാപിച്ചവരാണിവർ അവരെ ആയുധമുപയോഗിച്ച് തുരത്തിയോടിക്കുകയാണ് ആര്യന്മാർ ചെയ്തത്. ആ സാംസ്കാരികശേഷി വികസിപ്പിക്കണം. അതിനായുള്ള പ്രവർത്തനങ്ങൾ കൂടി നടത്തണം.

*(14-2-2004 ന് എറണാകുളത്ത് രാഷ്ട്രീയ മഹാസഭ രൂപീകരണയോഗത്തിലെ പ്രസംഗം)*

---

കേരളീയം

# സാമ്പത്തിക പതിപ്പ്

സംസ്കാരത്തിനും വികസത്തിനുമിടയിൽ കരുത്തുറ്റ കണ്ണിയാണ് സാമ്പത്തിക സ്ഥാപനങ്ങൾ. കുറിക്കമ്പനികൾ തുടങ്ങി സഹകരണ മേഖലതൊട്ട് പഴയതും പുതിയതുമായ തലമുറകളിലെ സ്വകാര്യബാങ്കുകളിലൂടെ കടന്നുവന്ന പൊതുമേഖലാ ബാങ്കുകൾ പിന്നിട്ട് സംസ്ഥാന തലത്തിലും ദേശീയതലത്തിലുമുള്ള സാമ്പത്തിക സ്ഥാപനങ്ങൾ വരെയെത്തുമ്പോൾ കേരളത്തിന്റെ സാമ്പത്തിക വിനിമയത്തിന്റെയും വികാസത്തിന്റെയും ഏകദേശരൂപം വ്യക്തമാകും. ആഗോളവൽക്കരണത്തിന്റെ അലയടികൾ ഈ സ്ഥാപനങ്ങളിൽ ഘടനാപരമായിപ്പോലും മാറ്റങ്ങൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കയാണ്. കേവലം അനിവാര്യതയെന്ന പോലെ മലയാളി ഈ മാറ്റങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു.



കേരളത്തിന്റെ സാമ്പത്തിക രംഗത്തെ മാറ്റങ്ങളെ വിശ്ലേഷണം ചെയ്ത് ഇടനിലക്കാരായ സാമ്പത്തിക സ്ഥാപനങ്ങളെ വിലയിരുത്തി നമുക്കെന്തു സംഭവിക്കുന്നു എന്നന്വേഷിക്കാനായി കേരളീയം ഒരു സാമ്പത്തിക പതിപ്പ് രൂപകല്പന ചെയ്യുകയാണ്. സാമ്പത്തിക സ്ഥാപനങ്ങളുടെ സാരഥികളും നിക്ഷേപകരും വായ്പക്കാരും വ്യാപാരികളും വ്യവസായികളും കൃഷിക്കാരും മുതലാളികളും തൊഴിലാളികളുമൊക്കെ ഈ പതിപ്പിലൂടെ സംസാരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. വെളിച്ചമേറ്റ് തഴച്ചുവളരുന്ന വൻമരങ്ങൾക്കൊപ്പം തന്നെ വെളിച്ചമേല്ക്കാതെ വളർച്ച മുരടിച്ചുനില്ക്കുന്ന തളിർച്ചെടികളും ഞങ്ങൾക്കുപ്രധാനമാകയാൽ കേരളീയത്തിന്റെ സാമ്പത്തിക പതിപ്പിലേക്ക് ഉപയോഗപ്രദമാണെന്ന് കരുതുന്ന അഭിപ്രായങ്ങളും ആശയങ്ങളും വിവരങ്ങളും വിശേഷങ്ങളും അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗസ്റ്റ് എഡിറ്റർ : **ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി**

അയക്കേണ്ട മേൽവിലാസം : ഗസ്റ്റ് എഡിറ്റർ, സാമ്പത്തിക പതിപ്പ്, C/o. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9447126032, 0487-2421385, ഫാക്സ് : 0487 2332032,
e-mail : sebastinecc@sancharnet.in

---

**തൂലികാ സൗഹൃദം**

**വ്യക്തിപരമായ വിവരങ്ങൾ**

പുരുഷൻ, 40 വയസ്സ്, ബിരുദധാരി, സർവ്വീസ്, സംഘടനാ പ്രവർത്തനം, പ്രകൃതി, കല, വിജ്ഞാനം, സമൂഹം, യാത്ര എന്നീ കാര്യങ്ങളിൽ താല്പര്യം. പക്വതയാർന്ന സൗഹൃദം എല്ലാവരിൽ നിന്നും ആഗ്രഹിക്കുന്നു
ബോക്സ് 23 C/o. കേരളീയം, തൃശൂർ - 21

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form IV-See Rule 8)

1. Place of Publication : Thrissur
2. Periodicity of its Publication : Monthly
3. Printer's Name : K.S. Pramod
   Whether citizen of India ? : Yes
   Address : 'Keraleeyam', Muni. Market Bldg. Kokkalai, Thrissur-21
4. Publisher's Name : K.S. Pramod
   Whether citizen of India ? : Yes
   Address : K.S. Pramod, Kanamkott House, P.O. Akkikavu, Thrissur-680 519
5. Editor's Name : K.S. Pramod
   Whether citizen of India ? : Yes
   Address : 'Keraleeyam', Muni. Market Bldg. Kokkalai, Thrissur-21
6. Name and addresses of individuals who own the newspaper & partners or shareholders holding more than one percent of the total capital:
   K.S. Pramod, 'Keraleeyam', Muni. Market Bldg., Kokkalai, Thrissur-21.

I, K.S. Pramod, hereby declare that the particulars given above are true to the best of my knowledge and belief.

Date : 1-3-2004

Sd/-
Publisher